**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 512** | **10-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) |

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് ആവിഷ്കരിച്ചിരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊ ഴിലാളികൾക്ക് കൈത്താങ്ങ് എന്ന നിലയിൽ ജീവനോപാധി നഷ്ടപരിഹാരമായി 106.93 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു. LIAC അപ്പീൽ കമ്മറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ വിതരണം ചെയ്ത ജീവനോപാധി നഷ്ടപരിഹാരത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മത്സ്യബന്ധന വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ നഷ്ടപരിഹാരത്തുക (കോടിയിൽ) |
|---|---|---|---|
| 1 | ചിപ്പിത്തൊഴിലാളികൾ | 262 | 12.36 |
| 2 | കരമടി ഉടമസ്ഥരും തൊഴിലാളികളും | 915 | 54.81 |
| 3 | കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾ | 11 | 0.11 |
| 4 | കട്ടമരം ഉടമസ്ഥർ | 45 | 1.89 |
| 5 | മണ്ണെണ്ണ ആനുകൂല്യം | 1221 | 31.57 |
| 6 | റിസോർട്ട് തൊഴിലാളികൾ | 211 | 6.08 |
| 7 | സ്വയം സഹായ സംഘങ്ങൾ | 33 | 0.08 |
| | **Total** | **2697** | **106.93** |

പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ -VISL - കരാർ കമ്പനി എന്നിവർ ചേർന്ന് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

- കുടിവെള്ള വിതരണം
- നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP)
- ഗംഗയാർ തോടിന്റെ ശുചീകരണം
- ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ (MRF)
- ആരോഗ്യ പരിപാലനം
- പകൽവീട്
- കളിസ്ഥലം
- മത്സ്യബന്ധന തുറമുഖ വികസനവും നവീകരണവും
- സീഫുഡ് പാർക്ക്

| | | | |
|---|---|---|---|
| (ബി) | ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | 1. വിഴിഞ്ഞം പ്രദേശത്ത് ശുദ്ധ ജല വിതരണം ഉറപ്പാക്കുന്ന തിനായി 7.3 കോടി രൂപ ചെലവിൽ പ്രതിദിനം 3.3 ദശ ലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തി വരുന്നു. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ലധികം) സൗജന്യ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.<br>2. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ASAP ന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.<br>3. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നില നിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിയിട്ടുണ്ട്.<br>4. പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച സ്ഥലത്ത് VISL ന്റെയും AVPPL ന്റെയും ചെലവിൽ ഒരു അജൈവ ഖര മാലിന്യ സംസ്കരണകേന്ദ്രം (MRF) സ്ഥാപിക്കുന്നതിനായുള്ള പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി, SEUF എന്നിവർ ചേർന്ന് നടപ്പിലാക്കിവരുന്നു. കോർപ്പറേഷന്റെ മേൽനോട്ടത്തിൽ തുടർ പരിപാലനം നടത്തുന്നതാണ്. ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. യന്ത്രസാമഗ്രി കൾ തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി മുഖാന്തിരം ഉടൻ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്.<br>5. നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. കൂടാതെ, കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിനോട് ചേർന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഒരു ഹെൽത്ത് വെൽനെസ്സ് സെന്റർ സ്ഥാപിച്ചു കഴിഞ്ഞു.<br>6. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിന് ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനു യോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കു ന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>7. പദ്ധതി പ്രദേശത്തിനു സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ കളിസ്ഥലം നിർമ്മിക്കുന്നതി നായുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഭരണാനുമതി ലഭ്യമായിട്ടുണ്ട്. HED യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് SKF മുഖാന്തിരം പദ്ധതി നടപ്പിലാക്കുന്നതാണ്.<br>8. നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനിക വൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റിംഗ് സൗകര്യങ്ങളും, ബർത്തുകളും, അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കു വാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്/ GoK, VISL എന്നിവർ ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും ഗുണഭോക്താക്കളുമായി ചർച്ച നടത്തി തീരുമാനം എടുത്താലുടൻ തുടർ നടപടി സ്വീകരിക്കുന്നതാണ്.<br>9. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL ന്റെ സ്ഥലം അടയാള പ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | 2011-16 കാലത്തെ സർക്കാർ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചിരുന്നു; അതിൽ എത്ര കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | 2011 - 2016 കാലത്തെ സർക്കാർ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് 7,82,96,400/- രൂപ അനുവദിക്കുകയും അതിൽ 7,82,96,400/- രൂപ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് മുഖേന ചെലവഴിക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതികൾക്കായി 2016 മുതൽ നാളിതുവരെ എത്ര കോടി രൂപ | (ഡി) | പ്രസ്തുത പദ്ധതികൾക്കായി 2016 മുതൽ നാളിതുവരെ 101,70,67,120/- രൂപ അനുവദിക്കുകയും അതിൽ 101,44,88,145/- രൂപ ചെലവഴിക്കപ്പെട്ടിട്ടുമുണ്ട്. ഇവയെല്ലാം പുറമേ കൺസഷണയറും ഈ കാലയളവിൽ നിരവധി സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | അനുവദിക്കുകയും എത്ര കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ